**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3313** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് പഞ്ചായത്തിലെ ചാക്കോച്ചിറ നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് പഞ്ചായത്തിലെ 12-ാം വാർഡിലെ ചാക്കോച്ചിറ പ്രദേശത്ത് തലമുറകളായി താമസിച്ചു വരുന്ന പത്തോളം കുടുംബങ്ങൾക്ക് പട്ടയം ലഭിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പുതുക്കാട് പഞ്ചായത്തിലെ ചാക്കോച്ചിറ പ്രദേശത്ത് തലമുറകളായി താമസിച്ചുവരുന്ന 10 കുടുംബങ്ങൾ പട്ടയത്തിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പരിശോധന നടത്തിയതിൽ അപേക്ഷ ഭൂമി വില്ലേജ് രേഖകളിൽ 'ചിറപുറമ്പോക്ക് ' ആയി രേഖപ്പെടുത്തിയിട്ടുള്ളതാണ്. 'ചിറപുറമ്പോക്ക്' തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലായതിനാൽ പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനായി മുകുന്ദപുരം തഹസിൽദാർ പുതുക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും, എന്നാൽ പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 218 പ്രകാരം 'ചിറപുറമ്പോക്ക്' പുനർനിക്ഷിപ്തമാക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവില്ലുള്ള നിയമപ്രകാരവും കോടതി വിധിയുടെ അടിസ്ഥാനത്തിലും ചിറപുറമ്പോക്കുകൾ ഉൾപ്പെടെ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സം ഉണ്ട്. |

സെക്ഷൻ ഓഫീസർ